മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ
വാളകം



# മിഴി

ഡിജിറ്റൽ മാഗസിൻ 2024



# Editoral board

Mrs. Beena K. (Headmistress)

Mrs. Lizy Baby

Mrs. Emi Elizabeth

Master Sirin Sarjan

Kumari Parvathy S. R.

Master Sahiljith S. L.

Kumari Sheena Shaji

# ഉള്ളടക്കം


| | |
|---|---|
| ആശംസ | 4 |
| പ്രതിസന്ധികളിൽ ഉണ്ട് വിജയ വഴി | 5 |
| ജീവിതത്തെ നോക്കിക്കാണേണ്ടത് എങ്ങനെ | 6 |
| രാജകുമാരനും ആട്ടിടയനും | 7 |
| അമ്മ | 8 |
| വൃദ്ധസദനങ്ങൾ | 9 |
| കടങ്കവിതകൾ | 10 |
| അമ്മ | 11 |
| കാറ്റ് | 12 |
| അച്ഛൻ | 13 |
| General knowledge | 14 |
| അമ്മ | 15 |
| The beauty of friendship | 16 |
| Dreams | 17 |
| The real wealth | 18 |
| Take your troubles | 19 |
| True friends | 20 |
| പ്രകൃതി | 21 |
| നിലാവിന്റെ നിഴൽ | 22 |
| കടങ്കഥകൾ | 23 |
| ഭാഷയുടെ പ്രാധാന്യം | 25 |
| കടങ്കഥകൾ | 26 |
| എൻ അമ്മ | 28 |
| നിറം | 29 |
| കടങ്കഥകൾ | 30 |
| പഴഞ്ചൊല്ലുകൾ | 31 |
| അച്ഛൻ | 32 |
| മഴവില്ല് | 33 |
| Digital painting | 35 |

# ആശംസ



വിരൽ തുമ്പിൽ വിജ്ഞാനം ലഭിക്കുന്ന ആധുനിക കാലഘട്ടത്തിൽ, ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികൾ, അവർ നേടിയ സാങ്കേതിക പരിജ്ഞാനം സാമാന്യയിപ്പിച്ച് ഡിജിറ്റൽ മാഗസിൻ തയാറാക്കുന്നു എന്നു അറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട് . കുട്ടികൾക്ക് അവരുടെ വിഭിന്നമായ സർഗ്ഗ വാസനകൾ പ്രകടിപ്പിക്കുന്നതിനും എഡിറ്റിംഗ്, പേജ് സെറ്റിങ്ങ്, ഡിസൈനിങ്ങ് തുടങ്ങിയവയിലൂടെ അതു ഏറ്റവും മനോഹരമായി പങ്കുവെയ്ക്കുന്നതിനും ഈ ഡിജിറ്റൽ മാഗസിനിലൂടെ സാധ്യമാകുന്നുണ്ട്. ഇതിലെ രചനകൾ ആസ്വാദ്യകരമായി വിജ്ഞാനം പകരുന്നതിനും കുട്ടികളുടെ നൈപുണികൾ വികസിപ്പിക്കുന്നതിനും, അവരിലെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സാധ്യമാക്കിയിട്ടുണ്ട്. ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാ ക്കുന്നതിനു നേതൃത്വം നൽകിയ കൈറ്റ് മിസ്ട്രസ്സുമാർക്കും ഒറ്റകെട്ടായി പരിശ്രമിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അനുമോദനങ്ങൾ അറിയിക്കുന്നു.വായനക്കാർക്ക് ഇത് ഏറ്റവും പ്രയോജനപ്രദമാകട്ടെ എന്നു ആശംസിക്കുന്നു.

Sd/-

ബീനാ . കെ

പ്രഥമാധ്യാപിക

എം. ടി എച്ച്. എസ്. എസ്. വാളകം

# <u>പ്രതിസന്ധികളിലുണ്ട് വിജയവഴി</u>



ദാരിദ്ര്യം തളർത്തിയ കുടുംബത്തിൽ പിറന്ന യശ്വസി എന്ന ബാലൻ ക്രിക്കറ്റിന്റെ അണ്ടർ 19 ലോകകപ്പ് ഒസമി ഫൈനലിൽ പാകിസ്ഥാനെതിരെ അപരാജിത സെഞ്ചുറിയുമായി ഇന്ത്യക്ക് 10 വിക്കറ്റ് വിജയം സമ്മാനിച്ചു. യശ്വസി ഇന്ത്യയുടെ അരി മാനം ലോകത്തിന്റെ നെറുകയിലെത്തിച്ചു.

ഉത്തർപ്രദേശിലെ ദരിദ്രകുടുംബത്തിൽ പിറന്ന യശ്വസി പാനി പൂരി വിറ്റാണ് ജീവിതം മുന്നോട്ട് നയിച്ചത്. തെരുവിലെ ബാല്യത്തിൽ നിന്ന് യശ്വസി കരകയറിയത് പാനി പൂരി വിറ്റ് കിട്ടിയ കാശു കൊണ്ട് തന്റെ ക്രിക്കറ്റ് ജീവിതം പടുത്തുയർത്തിയാണ്. യശ്വസിയുടെ നിശ്ചയദാർഢ്യം എല്ലാവരെയും അമ്പരിപ്പിക്കുന്നതാണ്. ഇന്ത്യൻ ക്രിക്കറ്റിന്റെ ഭാഗമായ യശ്വസി ലക്ഷ്യബോധം കൊണ്ട് ജീവിതത്തെ വെട്ടി പ്പിടിച്ചത് തെരുവിൽനിന്നാണ്. ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ റിക്കോർഡിന് ഉടമയായി യശ്വസി ഡബിൾ സെഞ്ചുറി നേടി. രാജസ്ഥാൻ റോയൽ സ് യശ്വസിയെ 2.4 കോടി രൂപയ്ക്ക് ഐ.പി എൽ മത്സരങ്ങളിൽ ടീമിലെടുത്തു.

2023ൽ വെസ്റ്റിൻഡീസിനെതിരെ ഇന്ത്യൻ പുരുഷ സീനിയർ ടി മിൽ അരങ്ങേറ്റം കുറിച്ചു. ജീവിതത്തിൽ വിജയം കണ്ടെത്തണമെങ്കിൽ വരാവുന്ന തോൽവി കളെയും തിരിച്ചറിയണമെന്ന പാഠം പഠിപ്പിച്ചത് അബ്ദുൾ കലാമാണ്. ബൾബിന്റെ ഫിലമെന്റിന്റെ കണ്ടുപിടിത്തത്തിൽ തോമസ് എഡിസൺ 10,000 പ്രാവശ്യം തോൽവിയടഞ്ഞ ശേഷമാണ് ശരിയായ കണ്ടുപിടിത്തം നടത്തിയത്.
അബ്ദുൾ കലാമിന്റ വാക്കുകൾ ഇപ്രകാരമാണ്:
"Man needs his difficulties because the are necessary to enjoy Success".

Alvin K. Biju
Std VIII C

# ജീവിതത്തെ നോക്കി കാണേണ്ടതെങ്ങനെ?

ജീവിതം സന്തോഷത്തോടും ഉത്സാഹ ത്തോടും ശുഭപ്രതീക്ഷയോടും കൂടി നയി ക്കുവാൻ ആരംഭിക്കുകയാണ് നിങ്ങൾ നിങ്ങൾക്കും നിങ്ങളുടെ മാതാപിതാക്കൾക്കും ബന്ധുമിത്രാദികൾക്കും അഭിമാനം തോന്നുന്ന ജീവിതം നയിക്കേണ്ടതുണ്ട്. നമ്മുടെ നാട്ടുകാർക്ക് എത്താവുന്ന സ്ഥിതിക്ക് പദവിക്കും ചില പരിമിതികളുള്ള ഒരു കാലമുണ്ടായിരുന്നു–ഈ നാട് വി ദേശാധിപത്യത്തിൽ ആയിരുന്നപ്പോൾ. അന്ന് വലിയ ഉദ്യോഗവും ഉയർന്ന പദവി യും വിദേശിയുടെ കുത്തകയായിരുന്നു. ചെറിയ ഉദ്യോഗങ്ങളും താളസ്ഥിതിയും കൊണ്ട് നാം തൃപ്തിപ്പെടേണ്ടിവന്നു. . സ്വാതന്ത്ര്യലബ്ധിയോടുകൂടി ആ സ്ഥിതി മാറി.



ഏതു വലിയ നിലയിലും എത്തുവാൻ ഇന്ന് നിങ്ങൾക്ക് കഴിയും. സൽസ്വഭാവിയും അധ്വാനശീലനം സ്ഥിരോത്സാഹികമായ ഒരു യുവാവിന് കാലക്രമേണ കയറിയിരിക്കാൻ പാടില്ലാത്ത പദവി ഉദ്യോഗവും ഇന്ന് നമ്മുടെ നാട്ടിലില്ല. രാഷ്ട്രപതി ഭഗവാനോ പ്രധാനമന്ത്രിയാകു വാനോ ഉയർന്നതും ഉത്തരവാദിത്വമുള്ള മറ്റ് എന്തെങ്കിലും അധികാര സ്ഥാനത്തി രിക്കുവാനോ നിങ്ങൾക്ക് തടസ്സമില്ല. കച്ച വടസ്ഥാപനങ്ങളുടെ തലവന്മാരാകുവാനും, സാമൂഹിക ജീവിതത്തിൽ നേതൃത്വം വഹിക്കുവാനും, രാഷ്ട്രീയ രംഗത്ത് പ്രസിദ്ധ നേടുവാനും, നാട്ടുകാരുടെ പ്രീതിയും ബഹുമാനവും സമ്പാദിക്കുവാനും നിങ്ങൾക്ക് സാധിക്കും. പുരുഷന്മാർ വഹിക്കുന്ന സ്ഥാനങ്ങൾ എല്ലാം സ്ത്രീകൾക്കും ലഭിക്കാവുന്നതാണ്. ജഡ്ജിമാരായും, തന്ത്ര പ്രതിനിധികളായും, മന്ത്രിമാരായും, ഗവർണർമാരായും ഇന്ന് സ്ത്രീകൾ ഉയർന്ന പദവിയിൽ ഇരിക്കുന്നുണ്ട്. ചുറ്റും നോക്കുമ്പോൾ പല സ്ഥിതി ക്കാരും സ്വഭാവക്കാരുമായ ആളുകളെ കാണാം. ചിലരുടെ പദവിയും നേട്ടവും നിങ്ങളെ വിസ്മയിപ്പിക്കും. മറ്റു ചിലരുടെ കഷ്ടപ്പാടുകളും പരാജയവും നിങ്ങളെ വേദനിപ്പിക്കും. മുൻപറഞ്ഞവരുടെ ഭാഗ്യം നിങ്ങൾക്കുണ്ടാകുവാനും പിൻപറഞ്ഞ വരുടെ ദുരനുഭവങ്ങൾ കൂടാതെ കഴിക്കു വാനും ആവും നിങ്ങളുടെ ആഗ്രഹം. എന്നാൽ വെറും ആഗ്രഹം കൊണ്ട് ഫലപ്രാപ്തി ഉണ്ടാവുകയില്ല. പ്രയത്നവും പരി ശീലനവും ആവശ്യമാണ്. നിങ്ങളിൽ ഓ രോരുത്തരുടെയും ഭാവി സ്ഥിതിക്കും അ നുഭവത്തിനും ഉള്ള കാരണം മിക്കവാറും നിങ്ങൾ തന്നെയാണ്. മറ്റാരെങ്കിലും വ ന്നു നിങ്ങളെ മേലോട്ട് ഉയർത്തുമെന്ന് വിചാരിച്ചു കാത്തിരിക്കേണ്ടതല്ല. നിങ്ങളുടെ ഓരോ പ്രവർത്തിയും മേലോട്ട് കയറു വാനുള്ള ഓരോ പടിയായി കരുതണം. ഉയർന്ന പദവിയിൽ എത്തുവാനുള്ള മാർഗം അതാണ്.

പരിശ്രമം ഇല്ലാത്ത ജീവിതത്തിൽ വിജയം സാധ്യമല്ല. എന്താണ് ജീവിതം? ഭവനത്തിലെ താമസം, വിദ്യാലയത്തിലെ പഠിപ്പ്, ചെയ്യുന്ന ജോലി, ഏർപ്പെടുന്ന വി നോദം,മറ്റുള്ളവരുമായുള്ള സമ്പർക്കം – ഇവയെല്ലാം ജീവിതത്തിന്റെ വിവിധ വശ ങ്ങളാണ്. അതോടുകൂടി നിങ്ങളുടെ വി ശ്വാസങ്ങളും ആദർശങ്ങളും അനുഭവ ങ്ങളും കൂടിച്ചേരുമ്പോൾ ജീവിതം എന്താ ണെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴി യും. ജീവിതം ഫലപ്രദവും സുഖപ്രദവും ആകുന്നതെങ്ങനെ? അതിനുള്ള മാർ ഗങ്ങളാണ് ഇവിടെ ചിന്തിക്കുവാൻ പോ കുന്നത്.......

Sheena Shaji
Std VIII C

# രാജകുമാരനും  ആട്ടിടയനും

ഒരു  സായാഹ്നം, തെളിഞ്ഞ ഒരു ആകാശം. നല്ല അന്തരീക്ഷം.പുല്ല് മലകുനനിലൂടെ ആടുകളെ തെളിച്ചു കൊണ്ട് ഒരു ആട്ടിടയൻ വരുന്നു." ആഹ്ലാദിക്കാൻ ഒരു നിമിഷം ...ആനന്ദിക്കാൻ ഒരു നിമിഷം ..." അവൻ ഉറക്കപ്പൊടി. ആ ഗാനമധുരിയിൽ പുല്ലുമല കുന്നിലെ ജീവജാലങ്ങളും സസ്യ ജാലങ്ങളും ആമഗ്നരായിരിക്കുകയാണ്.

തികച്ചും യാദൃശ്ചികമായിട്ടാണ് ആ രാജ്യത്തെ രാജകുമാരൻ ആ വഴി നായാട്ടിനു വന്നത്. പാട്ടുപാടി രസിച്ച ആട്ടിടയനെ രാജകുമാരൻ ശ്രദ്ധിച്ചു. അദ്ദേഹം അവനോട് ചോദിച്ചു: "എടോ ആട്ടിടയാ, തനിക്കെന്താ ഇത്ര ആഹ്ലാദം?" നായാട്ടു വേഷത്തിൽ വന്ന രാജകുമാരനെ പാവം ആട്ടിടയൻ തിരിച്ചറിഞ്ഞില്ല. അവൻ എടുത്തടിക്കും മട്ടിൽ ചോദിച്ചു:



" എനിക്കെന്താണ് ആഹ്ലാദിക്കാൻ ഇല്ലാത്തത്?" രാജകുമാരൻ വിട്ടില്ല:" എന്താണ് നിനക്ക് സന്തോഷിക്കാൻ ഉള്ളത്?"

" അതോ, ഞാൻ പറയാം. എനിക്ക് വലിയ മോഹങ്ങൾ ഇല്ല. അതുകൊണ്ട് സന്തോഷത്തിന് ഒരു കുറവുമില്ല."

" ഓഹോ അങ്ങനെ യോ!" രാജകുമാരൻ അത്ഭുതപ്പെട്ടു ആട്ടിടയൻ തുടർന്നു: "ഈ രാജ്യത്തിലെ രാജകുമാരൻ പോലും എന്നോളം സന്തുഷ്ടനല്ല. സൂര്യനും ചന്ദ്രനും പകലും രാത്രിയും എനിക്ക് രാജകുമാരനും ഒരുപോലെ അവകാശപ്പെട്ടതാണ്. കൂടുതലായി തനിക്ക് എന്തു ഉണ്ടെന്നാണ് രാജകുമാരൻ അവകാശപ്പെടുക?"

ഏറെനേരം ചിന്തയിലാണ്ട ശേഷം രാജകുമാരൻ പറഞ്ഞു: "പ്രിയമുള്ള ആട്ടിടയ, നിൻറെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ആട്ടിടയനായ നിനക്ക് ചെറിയ ലോകമേ ഉള്ളൂ. നിന്റേതായ ചെറിയ ലോകത്ത് നിനക്ക് കൊച്ചു കൊച്ചു മോഹങ്ങളെ ഉള്ളൂ. അതുകൊണ്ട് നീ സന്തുഷ്ടനാണ്. പക്ഷേ, രാജകുമാരന്റെ ലോകം വിശാലമാണ്. ഫലമണി യാതത അഭിലാഷങ്ങൾ അനവധിയാണ്. അതുകൊണ്ട് അവൻ ഒരിക്കലും സംതൃപ്തൻ അല്ല." ആട്ടിടയൻറെ തോളത്ത് തട്ടിക്കൊണ്ട് രാജകുമാരൻ ചോദിച്ചു: "ആട്ടെ,ഞാൻ ആരാണെന്ന് മനസ്സിലായോ?"

" ഇല്ല നിഷ്കളങ്കത ഓളം വെട്ടുന്ന മുഖത്തോടെ അവൻ പറഞ്ഞു. " ഞാനാണ് ഈ രാജ്യത്തെ രാജകുമാരൻ."

എന്തോ അത്ഭുത വാർത്ത കേട്ടതുപോലെ ആട്ടിടയൻ സ്തംഭിച്ചു നിന്നുപോയി.

"താനാണ് ഏറ്റവും സന്തോഷവാനെന്നു കരുതുന്നവൻ സാക്ഷാൽ സന്തോഷവാനാണ് എന്നാൽ താനാണ് ഏറ്റവും അറിവുള്ളവൻ എന്ന് കരുതുന്നവൻ ഏറ്റവും വലിയ വിഡ്ഢിയാണ്."

Aron D. Shaiju
Std VIII C

# അമ്മ



അമ്മയെപറ്റി പറഞ്ഞു തുടങ്ങുമ്പോൾ തന്നെ എന്റെ മനസ്സിൽ ഓടിയെത്തുന്നത് അമ്മയുടെ സ്നേഹവും വാത്സല്യവും ആണ്. കരഞ്ഞു കൊണ്ടുവന്ന എന്നെ ചിരിച്ചുകൊണ്ട് മാറോടണച്ച പുണ്യമാണ് അമ്മ. 10 മാസം വയറ്റിലും ഒരു ആയുഷ്കാലം ഹൃദയത്തിലും കൊണ്ടുനടന്ന പുണ്യം. എന്റെ കുസൃതികളും കുറുമ്പുകളും കാണാൻ കൊതിച്ച കാലം...... നെഞ്ചോട് ചേർന്ന് താരാട്ടുപാടിന്റെ താളത്തിൽ ഞാൻ മയങ്ങിയ കാലം....ഓരോ ചോറുരു ളയ്ക്കും ഒപ്പം ഞാൻ കേട്ട കഥകളിലെ വാത്സല്യം,പനിയേറ്റ വാടിയ എന്റെ നെറ്റിത്തടത്തിൽ സ്നേഹവും വാത്സല്യവും വിതച്ചു തണുപ്പേകിയ അമ്മയുടെ സാമീപ്യം, ഇരുളു വീണ ജീവിതവീഥിയിൽ ഞാൻ നടന്നു നീങ്ങിയപ്പോൾ നിഴലുപോലെ ഒപ്പം വന്ന എന്റെ അമ്മയുടെ പ്രാർത്ഥന..മോനേ എന്ന് അമ്മയുടെ കരളിൽ തട്ടിയുള്ള താളത്തിന് പകരം നൽകാൻ ഈ ജന്മം മതിയാകുമോ നമുക്ക്?. നൊന്തു പെറ്റ മക്കൾക്കു മുന്നിൽ മുന്നിൽ ഹൃദയം തകർന്നു കണ്ണീർ പൊഴിച്ച് ഒരിറ്റ് സ്നേഹം കൊതിച്ചു കാത്തുനിൽക്കാത്ത അമ്മമാർ ഉണ്ടാകാതിരിക്കട്ടെ...

"നഷ്ടമാകും മുമ്പ് ആ പുണ്യത്തെ ചേർത്തുപിടിച്ച് സ്നേഹിച്ചിടാം..കാരണം നഷ്ടപ്പെട്ടാൽ പകരം തിരയാൻ കഴിയാത്തതും നഷ്ടപ്പെട്ടാൽ നാം ഏറ്റവും കൂടുതൽ തേടുന്നതുമായ ഒരു അപൂർവ്വ പ്രതിഭാസമാണ് അമ്മ എന്ന സ്വർഗം".

Sreenandan R.
Std VIII B

# <u>വൃദ്ധസദനങ്ങൾ</u>



ലോക ജനസംഖ്യയിൽ വൃദ്ധജനങ്ങളുടെ എണ്ണത്തിൽ ഉണ്ടായിരിക്കുന്ന വർദ്ധനവാണ് ആധുനിക കാലഘട്ടം നേരിടുന്ന ഏറ്റവും ദർഭാഗ്യകരമായ പ്രതിസന്ധികളിൽ ഒന്ന് വൈദ്യശാസ്ത്ര രംഗത്തെ കാർഷിക വിപ്ലവമാണ് മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിലുള്ള ഈ സാഹചര്യത്തിന് കാരണമായത് ഇതിന്റെ ഫലമായി വൃദ്ധജനതയെ സംരക്ഷിക്കുക എന്ന പുതിയൊരു സാമൂഹിക ബാധ്യത കൂടി ഉടലെടുത്തിരിക്കുന്നു.

ഈ വിഷയത്തിൽ ലോകത്തിന്റെ ശ്രദ്ധ ആകർഷിക്കാൻ വേണ്ടി ഐക്യരാഷ്ട്രസഭ 1999 ലോക വൃദ്ധജന വർഷമായി ആചരിക്കുകയുണ്ടായി അടുത്ത കാലം വരെ വൃദ്ധജനതയുടെ പ്രശ്നങ്ങൾ ഇന്ത്യയിൽ അത്രരൂക്ഷമായിരുന്നില്ല. കാരണം ഇന്ത്യൻ പാരമ്പര്യമനുസരിച്ച് മക്കൾ അവരുടെ മാതാപിതാക്കളെ കുടുംബ പാരമ്പര്യത്തിന്റെ സംരക്ഷകരായാണ് കണക്കാക്കിയിട്ടുള്ളത്.

കൂട്ടുകുടുംബങ്ങളുടെ സ്ഥാനത്ത് അണു കുടുംബങ്ങൾ രൂപപ്പെട്ടതാണ് വൃദ്ധജന സംരക്ഷണം എന്ന പ്രശ്നത്തിന് കാരണമായത് ഇന്ന് ചെറുപ്പട്ടണങ്ങളിൽ പോലും വൃദ്ധസദനങ്ങൾ മുളച്ചുപൊന്തുകയാണ്. നാം നമ്മുടെ പാരമ്പര്യത്തെ മറന്നുകൊണ്ട് വൃദ്ധജനങ്ങളെ വൃദ്ധസദനങ്ങളിലേക്ക് അയക്കുന്നു. നമ്മുടെ മാതാപിതാക്കളോടുള്ള കടമയിൽ നിന്നും നാം ഒഴിഞ്ഞുമാറുന്നു. ഇത് ഭാരതത്തെപ്പോലൊരു രാഷ്ട്രത്തിന് ചേർന്ന പ്രവണതയല്ല. നമ്മുടെ അഭിവൃദ്ധിക്ക് വേണ്ടി ജീവിതം ഉഴിഞ്ഞു വെച്ച മാതാപിതാക്കളെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. ലോകത്തിൽ ആരോരുമില്ലാത്ത വൃദ്ധജനങ്ങൾക്ക് വൃദ്ധസദനങ്ങൾ ആശ്വാസമായിരിക്കും പക്ഷേ മക്കളും പേരമക്കളുമുള്ള വൃദ്ധന്മാർ വൃദ്ധസദനങ്ങളിൽ പോകേണ്ട അവസ്ഥ ഉണ്ടാകരുത്.

" വൃദ്ധജനങ്ങളെ അവരുടെ മക്കൾ തന്നെ വൃദ്ധസദനങ്ങളിൽ ആക്കുന്ന രീതി തടയുവാൻ വേണ്ട നിയമം നിർമ്മിക്കുന്നതിനെക്കുറിച്ച് സർക്കാർ ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. "...

Adhinu M.
Std VIII B

# കടങ്കവിതകൾ



1. ആനയെക്കെട്ടാൻ തടിയുണ്ട്. ജീരകം പൊതിയാനിലയില്ല

നെല്ലിമരം

2. അമ്മയെ കുത്തി മകൻ മരിച്ചു

തീപ്പെട്ടി

3. സൂര്യനിൽ ഉണ്ട് ചന്ദ്രനിൽ ഇല്ല,ചിങ്ങത്തിൽ ഉണ്ട്, മിഥുനത്തിൽ ഇല്ല, ഞാൻ ആര്

സൂചി

4.അമ്മ കല്ലിലും മുള്ളിലും മകൾ കല്യാണ പന്തലിൽ

വാഴയും വാഴക്കുലയും

5. കാട് വെട്ടി പാറ കണ്ടു. പാറ വെട്ടി വെള്ളം കണ്ടു

തേങ്ങ

6. കറുത്ത പാറയ്ക്ക് വെളുത്ത വേര്

ആനക്കൊമ്പ്

7. ഉണ്ടാക്കാൻ പാട്.ഉണ്ടാക്കിയാലൊടുങ്ങില്ല. കൊടുത്താലിരട്ടിക്കും

അറിവ്

8. കാട്ടിൻ നടുവിൽ ചോരത്തുള്ളി

മഞ്ചാടി

9. അടിപാറ, നടുവടി, മുകളിൽ കുട

ചേന

10. വഴിയിൽകഴിഞ്ഞവൻ ചന്തയ്ക്ക് പോയി

ചീര

Abel Aji
Std VIII B

# അമ്മ

അമ്മയാണ് സത്യം
അമ്മ തന്നെ സ്നേഹം

അമ്മയാണ് കൺമുന്നിൽ
കാണുന്ന ദൈവം

ദൈവത്തിന് എന്തെല്ലാം
നന്മകൾ ഉണ്ടോ

അവയെല്ലാം ഈ മണ്ണിൽ
അമ്മയിൽ മാത്രം

Asin A. S.
Std VIII E



മക്കളായി നാലു പേരുണ്ടെങ്കിലും അമ്മ ഏകയാണീ  ഊഴിയിൽ അച്ഛൻ മറഞ്ഞൊരു

കാലം മുതൽക്കമ്മ ഭാരമായി തീർന്നുവോ നാലുപേർക്കും നാഴരി മണ്ണുംപകുത്തെടുത്ത്

മക്കൾ നാലുവഴിക്കായി പിരിഞ്ഞുപോയി അച്ഛൻറെ ആത്മാവുറങ്ങുന്ന

മണ്ണിലന്നന്തിത്തിരി കൺതുറന്നതില്ല ഉള്ളം തുളുമ്പുന്ന ഓർമ്മകൾ നോവിന്റെ ആഴം

പെറുക്കി ചിതലരിച്ച

ദുശ്ശകുനംപോലെ അമ്മയെ കണ്ടോരാമക്കൾ നടന്നു മറയുന്നതും നോക്കി നെഞ്ചു

പൊളിഞ്ഞമ്മ നീറി നിന്നു

Abhishek Jayakumar
Std VIII B

# കാറ്റ്





മുല്ലപ്പൂ തള്ളിക്കൊഴിച്ച കാറ്റേ

കള്ളനെപ്പോലെ മറഞ്ഞ കാറ്റേ
നിന്മുഖം കാണുവാനെത്ര നാളായ്
ഉമ്മറത്തിണ്ണയിൽ ഞാനിരിപ്പൂ
എങ്ങുമെ കാണുവാനില്ല പക്ഷെ
ഉമ്മ വെയ്ക്കുന്നു നീയെൻ കവിളിൽ
ഒന്നെന്റെ കണ്മുന്നിൽ വന്നുക്കൂടെ
ഒന്നിച്ചോരലാപ്പം കളിച്ചുക്കൂടെ

Revathy R.
Std VIII A

# അച്ഛൻ



ഒരു നല്ല പിതാവ് കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ വളരെയധികം സഹായിക്കുന്നു, പ്രത്യേകിച്ചും മൂല്യങ്ങൾ, നിയമങ്ങൾ, പിതാക്കന്മാർ ഓരോ ദിവസവും നമ്മെ പഠിപ്പിക്കുന്ന പക്വത, അച്ചടക്കം എന്നിവ അടിസ്ഥാനമാക്കിയുള്ളവ.

* ഒരു നല്ല പിതാവ് മക്കളിൽ ജിജ്ഞാസയെ പ്രോത്സാഹിപ്പിക്കുകയും എല്ലായ്പ്പോഴും സ്വീകാര്യനായിരിക്കുന്നതിലൂടെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

* നല്ല പിതാക്കന്മാർ പൊതുവെ ഏത് ബുദ്ധിമുട്ടുകൾ ഉണ്ടാകുമ്പോഴും കുട്ടികൾ എപ്പോഴും ആഗ്രഹിക്കുന്ന അഭയസ്ഥാനമാണ്. ഏത് ഭയവും ശമിപ്പിക്കാൻ കഴിയുന്ന വ്യക്തിയാണ് “അച്ഛൻ” എന്ന് അവർക്ക് അറിയാം, കൂടാതെ അച്ഛന് ഒരിക്കലും “സഹായിക്കാൻ പറ്റില്ല” എന്ന് പറയാൻ കഴിയില്ല. നമ്മുടെ കിടക്കയ്ക്കടിയിൽ ഭൂതം ഉണ്ടോയെന്ന് പരിശോധിക്കുന്ന നായകനാണ് അച്ഛൻ. ഇടിമിന്നലും കാറ്റും മഴയും ഉണ്ടാകുമ്പോൾ നമ്മുടെ പേടി അകറ്റുന്നതിനും, മോശം ദിവസം വരുമ്പോൾ നമ്മെ ചിരിപ്പിക്കുന്നതിനും അച്ഛനല്ലാതെ മറ്റാരാണ് ഉള്ളത്..

Sahiljith S. L.
Std VIII B

# General Knowledge

1. ബഹിരാകാശ മാലിന്യ പ്രശ്നങ്ങൾക്കുള്ള പരിഹാരമായ പി.എസ്.റീ ഓർബിറ്റിംഗ് സാങ്കേതികവിദ്യ അടുത്തിടെ പരീക്ഷിച്ച വിജയിപ്പിച്ച ബഹിരാകാശ സംഘടനയേത്?
   ഐ .എസ്.ആർ .ഒ

2. പുതിയ കേന്ദ്ര നിയമമാത്രി
   അർജ്ജുൻ റാം മേഘ് വാൾ




3. ഇന്ത്യയിലെ ജലാശയങ്ങളുടെ ?
   കേരളം

4. ചാന്ദ്രയാൻ 3 ന്റെ വിക്ഷേപണവാഹനം?
   ലോഞ്ച് വെഹിക്കിൾ മാർക്ക് 3

5. 2023 – ലെ ഭക്ഷ്യസുരക്ഷാ സൂചികയിൽ ദേശീയ തലത്തിൽ ഒന്നാം സ്ഥാനം നേടിയത്?
   കേരളം

7. 2023 – ലെ വിനിതാ ഫുട്ബോൾ ലോകകപ്പിന് ആ തിഥേയത്വം വഹിച്ച രാജ്യങ്ങൾ?
   ഓസ്ട്രിയ, ന്യൂസിലാൻഡ്

8. ഡ്രോൺ പറത്തലിൽ ഡി.ജി.സി.എ ലൈസൻസ് നേടുന്ന കേരള സംസ്ഥാനത്തെ ആദ്യ വനിത?
   റിൻഷാ പട്ടക്കൽ

9. 2023 ഓഗസ്റ്റിൽ ആംഗ്യഭാഷയെ ഔദ്യോഗിക ഭാക്ഷയായി തീരുമാനിച്ച രാജ്യമേത്?
   ദക്ഷിണാഫ്രിക

10. ലോകത്തിലെ ഏറ്റവും വലിയ ആ ഡംബര കപ്പലേത്?
    ഐക്കൺ ഓഫ് ദ സീസ്

11. കേരളത്തിലെ ആദ്യമായി നടക്കുന്ന അന്താരാഷ്ട്ര കാലിഗ്രി ഫെസ്റ്റിവലിന്റെ വേദിയാക്കുന്നത്?
    കൊച്ചി

12. കേരളത്തിലെ ഏറ്റവും വലിയ ജില്ല?
    ഇടുക്കി

13. ആദിത്യ L–I വിക്ഷേപണ ദൗത്യം നിർവഹിക്കുന്ന റോക്കറ്റ്?
    PSLV – XL C 57

14. ശ്രീ ഉമ്മൻ ചാണ്ടി എത്ര തവണ കേരള മുഖ്യമന്ത്രിയായി?
    2

15. 2023 – ൽ 30 വർഷം സേവനം പൂർത്തിയാക്കിയ ഇന്ത്യയുടെ ബഹിരാകാശ വിക്ഷേപണ വാഹനം?
    PSLV

Anaswara S. Baiju
Std IX C

# അമ്മ



വാത്സല്യാമൃതം ശിരസ്സിൽ പകരുന്ന തേൻ തെന്നലാണെനിക്കമ്മ.
നിറമുള്ള സ്വപ്നങ്ങൾ എന്നിൽ പകർന്ന
പൂനിലാവാണെനിക്കമ്മ;

ഇടറുന്ന പാതയിൽ തുണ-
യായി മാറുന്ന തീരാത്ത സ്നേഹമാണമ്മ.
വെയിലേറ്റ് വാടുമ്പോൾ തണലായി മാറുന്ന കുളിർ നിലാവാണെനിക്കമ്മ.

എഴുതിയവയിൽ പൂർണ്ണമാകാത്ത; വാത്സല്യം കിനിയുന്ന സ്നേഹ
സാഗരമെന്നമ്മ.
എന്നും കൈപിടിച്ച് നടത്തുന്ന മനോഹരകാവ്യമെന്നമ്മ.

കാലമേറെക്കഴിഞ്ഞാലും- നിർവചിക്കാൻ കഴിയാത്തൊരീണമെന്നമ്മ.
എന്നുമെന്നും എനിക്കേറെയിഷ്ടം എൻ്റെ ജീവനാം അമ്മയെ തന്നെ.

Soumya S.
Std IX C

# The beauty of friendship



***Friendship is a gift of god,***

***It cannot be bought or sold;***

***It's value is far greater;***

***Than a gold or diamond.***

***For gold is cold and lifeless,***

***It has no eyes or ears;***

***It is powerless to cheer.***

***But friendship is a priceless gift***

***So when you ask God a gift,***

***Grateful if he sends....***

***The love of real friends.***

Riona Sara Saji
Std IX B

# D R E A M S



Hold fast to Dreams
For it dreams die
Life is a broken-winged bird
That cannot be fly

Hold fast to Dreams
For when dreams Go
Life is a barren feild
Frozen with snow

Afsana
Std IX B

# <u>The Real Wealth</u>



***Once there are two friends. A squirrel and a puppy. The used to live and play together. The squirrel was very sporty and always won the game. The puppy used to feel bad and thought that it was of no use.***

***One day, it started raining heavily. The squirrel was in high spirits. He started doing antics but suddenly lost his balance and fell in the rain water.***

***He called his friend the puppy for help. The puppy came to his rescue. The squirrel climbed on its back and reached a safe place. He thanked his friend for saving his life.***

Ardra R B Krishnan
Std X E

# TAKE YOUR TROUBLES



Take your troubles
Best you can.
Stand right up
And play the man.
Face 'em just
As though you knew
You were coming
Safely through.
Blows will hurt
And bruise you, maybe,
But don't whimper
Like a baby.
Stand right up
And be a man.
Meet your troubles
Best you can

Mahima M.
Std IX B

## True friends




*A friend is like a star that twinkle and glows or may be like an ocean that gently flows. A friend is like a gold that you should treasure and take care forever and ever. A friend is like an angel that is there to guide you. A friend is someone you can trust out of a few. A friend is more than one in a million. They are one in a Kazillion and you, my friend, are very special and so it is official.*

Mahima M.
Std IX B

# പ്രകൃതി



മരമായിരുന്നു നീ
ഉഷ്ണ വർഷങ്ങളിൽ എന്നെ കുളിർപ്പിച്ച
മരമായിരുന്നു നീ
കാറ്റ് ആയിരുന്നു നീ
ക്രൂരമാം വിധിയുടെ കനൽ വഴിയിൽ എപ്പോഴോ
ഉള്ളം പുകഞ്ഞു ഞാൻ
നിൽക്കുമ്പോൾ എന്നെ തഴുകുന്ന
കാറ്റായിരുന്നു നീ
(മരമായിരുന്നു നീ )
കരളിൽ കനക്കുന്ന കഥനങ്ങൾ എൻ
കണ്ണിൽ നീർത്തുള്ളിയായി
തീരുമ്പോൾ തുള്ളിയെ
നെഞ്ചേൽക്കുവാൻ വന്ന
മഴയായിരുന്നു നീ
പുഴയായിരുന്നു നീ കനലുകൾ നിറയുന്ന പാതയിൽ
ഏറെ ഞാൻ അകലുമ്പോൾ പാദം
തണുപ്പിച്ച പുഴയായിരുന്നു നീ

Sandra Anil
Std IX D

# നിലാവിന്റെ നിഴൽ



നിഴലാണ് ഞാൻ നിലാവേ
എന്നോട് ചൊല്ലി
നിഴലായി ഞാൻ ചിരിക്കാനും
നിലാവ് എന്നോട് ചൊല്ലി

മഞ്ഞിൻ തണുപ്പിൽ നീ
മയങ്ങിടുമ്പോൾ
നീറുന്ന നെഞ്ചിൽ നേരിപൊടിൽ
ഞാൻ എന്റെ സ്നേഹം നിന്നെ
സൂക്ഷിപ്പു ഞാൻ

നിഴൽ ഓർമ്മയിൽ വീണ്ടും
പകൽ പൂത്തുവോ നിൻ
നനവാർന്നൊരി മിഴിയിൽ
പൂക്കളിൽ വീണ്ടും
നിഴൽ വീണുവോ വീണ്ടും
നിഴൽ വീണുവോ

Alan Anil
Std IX D

# കടങ്കഥകൾ



1. അമ്മയെ കുത്തി മകൻ മരിച്ചു. ?

ഉത്തരം :- തീപ്പെട്ടി

2. മുറ്റത്തുണ്ടൊരു പോലീസേതോ കളവുതേടി നടക്കുന്നു.?

ഉത്തരം :- കോഴി

3. അടുക്കളയിലെ അമ്മായി അമ്മ. ?

ഉത്തരം :- പൂച്ച

4. ആശാരി മൂശാരി തൊടാത്ത തടി വെള്ളത്തിലിട്ടാൽ ചീയാത്ത തടി. ?

ഉത്തരം: - ചീങ്കണ്ണി

5. ആയിരം കടലോടി വരുന്ന ചെങ്കുപ്പായക്കാരൻ കൂനന്റെ പേരെന്ത് ?

ഉത്തരം :- ചെമ്മീൻ

6. പകലെല്ലാം മിന്നി മിന്നി രാത്രി ഇരുട്ടറയിൽ ?

ഉത്തരം :- കണ്ണ്

7. കാവൽ ഇല്ലാത്ത കൊട്ടാരത്തിൽ കണക്കില്ലാത്ത മുത്തുമണികൾ ?

ഉത്തരം :- നക്ഷത്രങ്ങൾ

8. വായമൂടി മുഖത്തടിച്ചാൽ കേൾക്കാനിമ്പം ?

ഉത്തരം :- മദ്ദളം

9. വായില്ലാ ഭരണിയിൽ രണ്ടച്ചാർ ?

ഉത്തരം :- മുട്ട്

10. വായില്ലാത്തവൻ കഞ്ഞികുടിച്ചു ?

ഉത്തരം :- മുണ്ട്

11. കുത്തിയാൽ മുളക്കില്ല വേലിയിൽ പടരും

ഉത്തരം :–ചിതൽ

12.കൈപ്പത്തി പോലെ ഇല വിരല്യ പോലെ കായ ?

ഉത്തരം :–വെണ്ട

13. കൊമ്പിൻമേൽ തുളയുള്ള കാള ?

ഉത്തരം :–കിണ്ടി

14. ചുണ്ടില്ലെങ്കിലും ചിരിക്കും കരയും അട്ടഹസിക്കും ?

ഉത്തരം :–മേഘം

15. ജീവനില്ല, കാലുമില്ല ഞാൻ എത്താത്ത ഇടവുമില്ല എന്നെ കൂടാതെ നിങ്ങളുടെ ജീവിതം ദുഷ്കരം ?

ഉത്തരം :–നാണയം

16. അടിയിൽ വെട്ടി ഇടയ്ക്ക് കെട്ടി തലയിൽ ചവുട്ടി ?

ഉത്തരം :–നെല്ല് കൊയ്ത്ത് മെതിക്കുന്നത്.

17. നീണ്ടു നീണ്ടു മാനം നോക്കി പോകുന്ന പച്ചക്കുപ്പായക്കാരൻ ?

ഉത്തരം :–മുള

18. പഞ്ചപാണ്ഡവൻമാർ ആഞ്ചുപേർക്കും കൂടി ഒരേയൊരു മുറ്റം ?

ഉത്തരം :–കൈപ്പത്തി

19. പകലെല്ലാം മിന്നിമിന്നി രാത്രി ഇരുട്ടറയിൽ ?

ഉത്തരം :–കണ്ണ്

20. പച്ചപ്പലക കൊട്ടാരത്തിൽ പത്തും നൂറും കൊട്ടത്തേങ്ങ.

ഉത്തരം :–പപ്പായ

Bliss Susan Vinoj
Std IX D

# ഭാഷയുടെ പ്രാധാന്യം





ഭാഷ എന്നത് ഒരു വ്യക്തിയെ മറ്റൊരു വ്യക്തിയിൽനിന്നും വേർതിരിക്കുന്നു. ഓരോ ഭാഷയക്കും അതിന്റേതായ വെത്യാസം ഉണ്ട് നമ്മുടെ മലയാള ഭാഷ സംസ്കൃതത്തിൽ നിന്ന് ഉടലെടുത്തിട്ടുള്ളതാണ്. ഒരു വ്യക്തിയെ സമൂഹത്തിൽ പിടിച്ചുനിർത്തുന്നത് അയാളുടെ ഭാഷയാണ്. മനുഷ്യന്റെ ഓരോ ശംസർഗ്ഗങ്ങളും ഭാഷയിൽ ഉതകുന്നതാണ്

Beno Binoyi
Std IX D

# കടങ്കഥകൾ

1. ആയിരം കിളികൾ ഒറ്റ കൊക്ക് ?

ഉത്തരം :-വഴക്കൊല

2. ഉണ്ടക്കുന്നവൻ ഉപയോഗിക്കുന്നില്ല,ഉപയോഗിക്കുന്നവർ അറിയുന്നില്ല ?

ഉത്തരം :-ശവപ്പെട്ടി

3. എന്നെ തൊട്ട് കൂട്ടും പക്ഷേ സദ്യക്ക് എടുക്കില്ല ?

ഉത്തരം :-കൽകുലേറ്റർ

4.ഒരു കുപ്പിയിൽ രണ്ട് എണ്ണ ?

ഉത്തരം :-മുട്ട

5.ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട

ഉത്തരം :-കടുക്

6.കുത്തുന്ന കാളക്ക് പിന്നിൽ
കണ്ണ് ?

ഉത്തരം :-സൂചി

7.കാവൽ ഇല്ലാത്ത
കൊട്ടാരത്തിൽ കണക്കില്ലാത്ത മുത്തുമണികൾ ?

ഉത്തരം :-നക്ഷത്രങ്ങൾ

8.കൊമ്പിന്മേൽ  തുലയുള്ള കാള ?

ഉത്തരം :-കിണ്ടി

9.കറുത്ത പാറമേൽ വെളുത്ത കത്തി

ഉത്തരം :-ആന

10. ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ് ?

ഉത്തരം :-ചൂല്



Pratheesh S.
Std IX A

# എൻ അമ്മ



കാണാകിനാക്കളാൽ അലയുന്നൊരെൻ ഹൃദയത്തെ

വർണത്തദമാക്കുന്ന അത്ഭുത ശക്തിയാണ്

എൻ അമ്മ..

ആനന്ദമാണ്,അനുഭൂതിയാണ് ചിലനേരം

ആഴ്ചര്യമായി തോന്നീടുമി ക്ഷമ തൻ

നിറകുടത്തെ ..

അഴലിടും മനസ്സിന് ദീപമാണെൻ അമ്മ

വഴികാട്ടിയാകുവാൻ ദൈവം തന്ന സുകൃതമേ.

മുൻജന്മത്തിലെങ്ങോ ഞാൻ ചെയ്ത

നന്മയ്ക്കു,

ഈശ്വരൻ തന്ന നിധിയായി തോന്നീടുമി ഒരോ

നിമിഷവും താങ്ങായി, തണലായി ഞാൻ കൂടെ
ഉണ്ടാകും,

നീ ചെയ്ത ത്യാഗത്തിൻ പകരമല്ലെങ്കിലും,

ഇനി എൻ കാലമതയും ..!!!

Stalla T. Solomon
Std VIII E

# നിറം



പുൽപ്പരപ്പ്

മുന്നിൽ നീലത്താടകം

ഓരത്തോട് ചേർന്നു വെള്ളാമ്പലുകളും
ചെന്താമാരകളും.

നീന്തിതുടിക്കുന്ന അരയന്നങ്ങൾ

നിറയെ പൂത്തുലഞ്ഞു ചാഞ്ഞുനിൽക്കുന്ന

വൃക്ഷത്തിലേക്കു പറന്നിറങ്ങുന്ന പക്ഷികൾ.

അപ്പുറത്ത് നീല മലനിരകളുടെ മതിൽക്കെട്ട്.

ആകാശത്ത് വെള്ളമേഘങ്ങളുടെ പഞ്ഞിക്കെട്ടുകൾ.

Ayoob A.
Std IX D

# കടങ്കഥകൾ

1.ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ് ?

ഉത്തരം:-ചൂല്

2.മുത്തത്തെ ചെപ്പിന് അടപ്പില്ല ?

ഉത്തരം:-കിണർ

3.അകത്ത് രോമം പുറത്ത് ഇറച്ചി ?

ഉത്തരം:-മൂക്ക്

4.ഇട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട ?

ഉത്തരം:-കടുക്

5. മുള്ളുണ്ട് മുരിക്കല്ല കൈപ്പുണ്ട് കാഞ്ഞിരമല്ല ?

ഉത്തരം:-പാവക്ക

6. കണ്ടാലോരു പൂത്തളിക കാര്യം കൊണ്ടത് തീത്തളിക ?

ഉത്തരം:-സൂര്യൻ

7. കാവൽ ഇല്ലാത്ത കൊട്ടാരത്തിൽ കണക്കില്ലാത്ത മുത്ത് മണികൾ ?

ഉത്തരം:-നക്ഷത്രം

8.കൊമ്പിന്മേൽ തുളയുള്ള കാള ?

ഉത്തരം:-കിണ്ടി

9.അടി മുള്ള് നടു കാല് തല പൂവ് ?

ഉത്തരം:-പൈനാപ്പിൾ

10. പൊന്ന് തിന്ന് വെള്ളി തുപ്പി ?

ഉത്തരം:-ചക്കച്ചുള



Abin Thomas
Std IX A

# പഴഞ്ചൊല്ലുകൾ

1. കൊക്കിന് വെച്ചത് കുളക്കോഴിക്ക്
2. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി
3. ചേരെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം തിന്നണം
4. പയ്യെ തിന്ന പനയും തിന്നാം
5. എറിഞ്ഞ കല്ലും എറിഞ്ഞ കല്ലും പറഞ്ഞ വാക്കും പോലെ
6. എല്ലുമുറിയെ പണി ചെയ്യു പല്ലു മുറിയെ തിന്നാം
7. ഒത്തുപിടിച്ചാൽ മലയും പോരും
8. ഇല്ലം നിറ വല്ലോം നിറ
9. മതി ഇരിക്കും മുമ്പേ കാല് നീട്ടരുത്
10. ഇരുമ്പ് പഴക്കുമ്പോൾ കൊല്ലനും കൊല്ലത്തിയും

Asin A. S.
Std VIII E



# അച്ഛൻ

ഒരു വിളി മാത്രം ബാക്കിയായി എൻ അച്ഛൻ വിടപറയും മുൻപേ എന്തേ

എന്നോട് ഒരു വാക്ക് ചൊല്ലിയില്ല ഞാൻ വരില്ലായിരുന്നു എന്റെ അച്ഛന്റെ കൂടെ

അച്ഛന്റെ ഓർമ്മകളിലൂടെ ആഴ്ന്നിറങ്ങുമ്പോൾ ദുഃഖങ്ങൾ മാത്രമായി എനിക്ക്

അച്ഛൻ കെട്ടിപ്പുണരുമ്പോൾ എന്റെ ദുഃഖങ്ങൾ മാറും

അച്ഛന്റെ വീർപ്പിൽ ഉണ്ടായിരുന്നു സ്നേഹത്തിന്റെ ഗന്ധം

അച്ഛന്റെ കൂടെ നിൽക്കുമ്പോൾ എന്റെ മനസ്സിൽ ഭൂമിയും ആകാശവും താഴും

എന്ന് തോന്നിപ്പോ

അച്ഛൻ പറയുന്ന ശാസനയിൽ പോലും വാത്സല്യം ഉണ്ടായിരുന്നു

ദൈവം എനിക്ക് ഒരിക്കൽക്കൂടി എന്റെ അച്ഛനെ എനിക്ക് തന്നിരുന്നെങ്കിൽ

അച്ഛന്റെ രാജകുമാരിയായി നടക്കാമായിരുന്നു അതൊന്നു കഴിയില്ല എന്ന്

ഓർക്കുമ്പോൾ ഈ ലോകത്ത് നിന്ന് അച്ഛന്റെ ശരീരം പോയപ്പോഴും എന്നെ

മനസ്സിൽ നിന്നും അച്ഛന്റെ ഓർമ്മകൾ പോയതേയില്ല അത്രയ്ക്ക് ഇഷ്ടമായിരുന്നു

എന്റെ അച്ഛൻ എനിക്ക്..........

Keerthi A.
Std VIII C

# മഴവില്ല്



മിന്നു എന്ന കുട്ടി. അവൾക്ക് എന്നും ദുഃഖമാണ്. അവളുടെ വിഷമം എന്താണെന്ന് അറിയണ്ടേ? അവൾക്ക് അച്ഛനും അമ്മയും ഇല്ല. അവൾ ഒരു അനാഥാലയത്തിൽ കഴിഞ്ഞു കൊണ്ടിരിക്കുമ്പോൾ അവളെ ദത്തെടുക്കാൻ ദമ്പതികൾ തീരുമാനിച്ചു. അവർക്ക് അവളെ ഒരുപാട് ഒരുപാട് ഇഷ്ടമായി.  അവൾക്കും അവരെ ഇഷ്ടമായി. ഇതിനിടയിൽ ആ ദമ്പതികൾക്ക് ഒരു മകൾ ജനിച്ചു. അതോടെ വിനുവിന്റെ സ്ഥാനം പതിയെ കുറഞ്ഞു കുറഞ്ഞു വന്നു. സ്വന്തം മകളോട് മാത്രമായി അവരുടെ സ്നേഹം. അവർക്ക് അവളെ വേണ്ടാതായി. അവരുടെ മകളായ സ്നേഹ ക്രൂരയായയൊരു പെൺകുട്ടിയായിരുന്നു. മിന്നുവിനെ താഴ്ത്താൻ കിട്ടുന്ന എല്ലാ അവസരങ്ങളും അവൾ മുതലെടുക്കും. മിന്നുവിന് നിറങ്ങൾ വളരെ ഇഷ്ടമാണ്.

രണ്ടാനമ്മയുടെയും അവരുടെ മകളുടെ പീഡനം കാരണം അവൾ വീട് വിട്ടിറങ്ങി. അന്വേഷിച്ചതും ഇല്ല. അവൾ മിക്കപ്പോഴും പട്ടിണിയായിരുന്നു. വിദ്യാഭ്യാസ ലഭിക്കേണ്ട സമയത്ത് അവർ പണിയെടുത്ത് ജീവിക്കുവാൻ തുടങ്ങി. അവൾ താമസിക്കുന്നത് ഒരു കളി സ്ഥലത്തിന്റെ പിറകിലായിരുന്നു. അവളുടെ സമാന പ്രായമുള്ള കുട്ടികൾ മാതാപിതാക്കളോടൊപ്പം ചിലവഴിക്കുന്നത് കാണുമ്പോൾ അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകും.

അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം പണക്കാരിയായ ഒരു കുട്ടി പലനിറങ്ങളുള്ള ഒരു പട്ടം പറത്തുന്നത് അവൾ കണ്ടു. അവളുടെ മനസ്സിൽ ആ നിറങ്ങൾ ഇടംപിടിച്ചു.


ഒരു ദിവസം അവൾ ജോലി കഴിഞ്ഞു മടങ്ങി വരുമ്പോൾ




യാദൃശ്ചി കമായി മാത്രം
കാണുന്ന മഴവിൽ
നിറത്തില ുള്ള ഒരു കിളിയെ
കണ്ടു. അത് ഒരു മരത്തിന്റെ
ചുവട്ടിൽ വീണു
കിടക്കുക യായിരുന്നു.
അവൾക്ക് നിറങ്ങളോടു
താൽപര്യ മുള്ളതുകൊണ്ടും
സഹായം മനസ്കത ഉള്ളതുകൊണ്ടും അവൾ അതിനെ എടുത്ത് പരിചരിച്ചു. അവൾക്ക് അതിനെ വല്ലാതെ ഇഷ്ടമായി. ആ പക്ഷി വന്നപ്പോൾ അവളുടെ ഭാഗ്യം തെളിഞ്ഞത് പോലെയായി. അധികം വൈകാതെ അവളെ പോലീസുകാർ കണ്ടെടുക്കുകയും, കുട്ടികളില്ലാത്ത മറ്റൊരു ദമ്പതികളെ ഏൽപ്പിക്കുകയും ചെയ്തു. അതോടെ അവൾക്ക് നഷ്ടപ്പെട്ട ബാല്യവും വിദ്യാഭ്യാസവും തിരികെ ലഭിച്ചു. വളരെ സന്തോഷത്തോടെ അവൾ മുന്നോട്ടു ജീവിച്ചു.

Anfel D. Yohannan
Std VII A

# Digital painting



Beno Binoyi
Std IX D



Aaron Biju
Std VII C